പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2385 27-10-2026-ൽ മറുപടിയ്ക്ക്

എളനാട് ആസ്ഥാനമായി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. യു. ആർ. പ്രദീപ്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര സെക്ഷൻ, പഴയന്നൂർ സെക്ഷൻ എന്നീ ഓഫീസുകൾക്കുകീഴിൽ എത്ര ഗാർഹിക, കാർഷിക, വ്യവസായ കണക്ഷനുകൾ നിലവിലുണ്ട്; സെക്ഷൻ ഓഫീസ് തിരിച്ച് ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ;

മറുപടി: എണ്ണം ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.

i)ചേലക്കര ഇലക്ട്രിക്കൽ സെക്ഷൻ

ഗാർഹികം - 21979

കാർഷികം - 2503

വ്യാവസായികം - 289

ii) പഴയന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ

ഗാർഹികം - 14064

കാർഷികം - 1256

വ്യാവസായികം - 219

(ബി) സേവന മേഖലയുടെ വലിപ്പംകൊണ്ടും കണക്ഷനുകളുടെ എണ്ണക്കൂടുതലുകൊണ്ടും വർദ്ധിച്ച ജോലിഭാരം അനുഭവപ്പെടുന്ന ചേലക്കര സെക്ഷൻ ആഫീസും പഴയന്നൂർ സെക്ഷൻ ഓഫീസും വിഭജിച്ച് എളനാട് ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി കെ.എസ്.ഇ.ബി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: എളനാട് ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫിസ് രൂപീകരിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലാത്ത തിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത

സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് ബോർഡ് നിലവിൽ സ്വീകരിച്ചു വരുന്നത്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(സി) ഇല്ലെങ്കിൽ എളനാട് ആസ്ഥാനമായി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നല്കി നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> എളനാട് ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫിസ് രൂപീകരിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലാത്ത തിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് ബോർഡ് നിലവിൽ സ്വീകരിച്ചു വരുന്നത്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ